# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4004** — **24/8/2017** -ലെ മറുപടി

## മഴവെള്ളം പ്രയോജനപ്പെടുത്താൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കൃഷ്ണൻ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| കേരളത്തിൽ ലഭിക്കുന്ന മഴവെള്ളത്തെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കുമോ? | കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി-യുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന പ്ലാൻ പദ്ധതിയിൽ നിന്നുള്ള ധനസഹായം ഉപയോഗപ്പെടുത്തി 'മഴവെള്ള സംഭരണം – ഭൂജല പരിപോഷണം' പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം പാഴായി പോകുന്ന മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് കുടിവെള്ളത്തിനും മറ്റു ഗാർഹിക ആവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തുക എന്നതാണ്. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് ഗുണഭോക്തൃ വിഹിതം സമാഹരിച്ചുകൊണ്ട് വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ ശേഷിയുള്ള സംഭരണികൾ നിർമ്മിച്ചു നല്കുന്നു. പ്രസ്തുത പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും, ആയതിന്റെ സന്ദേശങ്ങൾ ജനമദ്ധ്യത്തിലെത്തിക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാലയങ്ങളിൽ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. മഴവെള്ള സംഭരണം വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതിലൂടെ കുട്ടികൾക്ക് അതിന്റെ ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കുവാൻ സാധിക്കുന്നു. കൂടാതെ ജലത്തിന്റെ ക്ഷാമം പരിഹരിക്കുന്നതിന് മഴവെള്ളം സംഭരണിയിൽ ശേഖരിച്ചത് ഉപയോഗപ്പെടുത്തുന്നു. ഈ പദ്ധതിയുടെ ഭാഗമായി 15 ഗ്രാമ പഞ്ചായത്തുകളിലെ 4000 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കുവാൻ സാധിച്ചു. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട 840 സർക്കാർ സ്കൂളുകളിൽ |

നടപ്പിലാക്കി വരുന്ന മഴവെള്ളസംഭരണ പരിപാടി സമാപനഘട്ടത്തിൽ എത്തിയിരിക്കുന്നു. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക ഉപയോഗിച്ച് കൂടുതൽ ഗ്രാമ പഞ്ചായത്തുകളിലെ വ്യക്തിഗത കുടുംബങ്ങൾക്കും, സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങൾക്കും മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മഴവെള്ള സംഭരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുകയും വേനൽക്കാലത്തും കുളത്തിലെ ജലലഭ്യത ഉറപ്പുവരുത്തുകയുമാണ് ജല അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ജല അതോറിറ്റിയുടെ കേന്ദ്രകാര്യാലയത്തിനടുത്തായി മഴവെള്ളസംഭരണത്തിനായി ഒരു കുളത്തിന്റെ നിർമ്മാണം നടന്നു വരുന്നു.
പമ്പ് ഹൗസുകളുടെ ജലസ്രോതസ്സിനു സമീപത്തായി മഴക്കുഴികൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ചുവരുന്നു. "ഹരിതകേരളം" മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ

JSK/